

# 'ബദൽ രാഷ്ട്രീയ ശക്തി വളർത്തിക്കൊണ്ടുവരണം'

**ഡോ. അബ്ദുൽ ഹഖ് അൻസാരി**

**ജനങ്ങളുടെ** പ്രശ്നങ്ങൾ അടുത്തറിയുന്ന ഒരു ബദൽ രാഷ്ട്രീയശക്തി വളർത്തിക്കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ഡോ. മുഹമ്മദ് അബ്ദുൽ ഹഖ് അൻസാരി പ്രസ്താവിച്ചു. പ്രവർത്തക സമ്മേളനത്തിൽ 'ജമാഅത്തെ ഇസ്‌ലാമി വർത്തമാനവും ഭാവിയും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എല്ലാ മതങ്ങൾക്കും തുല്യ പരിഗണന നൽകുന്ന രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവവും ജനാധിപത്യ മൂല്യങ്ങളും തകർക്കപ്പെടാതിരിക്കാൻ ഇസ്‌ലാമിക സമൂഹം പ്രതിജ്ഞാബദ്ധമാണ്. ഓരോ സാഹചര്യവും ഗൗരവമായി പരിശോധിച്ച ശേഷമാണ് ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ രാഷ്ട്രീയത്തിൽ ക്രിയാത്മക നിലപാടുകൾ രൂപപ്പെടുത്തുന്നത്.

കഴിഞ്ഞ പത്തു പതിനഞ്ച് വർഷത്തിനിടക്ക് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തന പരിപാടികളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിന്റെ സന്ദേശം ഇതര ജനവിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിന് മുൻതൂക്കം നൽകുന്ന പ്രവർത്തന പരിപാടികളാണ് ആവിഷ്കരിക്കുന്നത്. ഇസ്‌ലാമിനെക്കുറിച്ച തെറ്റുധാരണകൾ നീക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ ഏതാണ്ടെല്ലാ പ്രാദേശിക ഭാഷകളിലും വിശുദ്ധ ഖുർആന്റെ പരിഭാഷകൾ പ്രസിദ്ധീകരിച്ചു. ഇതുപോലെ പ്രവാചകന്റെ ജീവിതവും സന്ദേശവും എല്ലാ ഭാഷകളിലും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടണം.

എല്ലാ ജനവിഭാഗങ്ങളുമായും കൂടുതൽ അടുത്തിടപഴകാൻ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സാധിക്കുകയുണ്ടായി. പിന്നാക്കക്കാർക്കും ആദിവാസികൾക്കും ഇസ്‌ലാമിക സന്ദേശമെത്തിക്കാൻ ശ്രദ്ധേയമായ കാൽവെപ്പുകൾ നടത്തി.

ഇസ്‌ലാമിനെ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ പരിചയപ്പെടുത്താൻ പുതിയതരം ഗ്രന്ഥങ്ങൾ ആവശ്യമാണ്. നിലവിലുള്ള കൃതികൾ അതിന് പര്യാപ്തമല്ല. ഇതാണ് ഇസ്‌ലാമിക പ്രവർത്തകർ നേരിടുന്ന ഒരു വെല്ലുവിളി. നമ്മുടെ ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ അധികവും പാശ്ചാത്യ സംസ്കാരത്തെ നിരൂപണം ചെയ്തുകൊണ്ട് എഴുതപ്പെട്ടിട്ടുള്ളതാണ്. ഇന്ത്യയുടെ ചരിത്രവും മത പാരമ്പര്യവും ഇസ്‌ലാമിക വീക്ഷണത്തിൽ പഠിക്കുന്ന കൃതികൾ ഉണ്ടാവണം. ഇന്ത്യയിൽ പ്രവാചകന്മാർ ആഗതരായിരുന്നുവോ? ഉണ്ടെങ്കിൽ അവരുടെ സന്ദേശത്തിൽ പിൽക്കാലത്ത് എന്തൊക്കെ മാറ്റത്തിരുത്തലുകൾ ഉണ്ടായി? ഇന്ന് ഇന്ത്യയിൽ കാണുന്ന മതപാരമ്പര്യങ്ങളുടെ ഉത്ഭവം എങ്ങനെ? ഇത്തരം വിഷയങ്ങൾ കൂടി മുമ്പിൽ വെച്ചുള്ള ഖുർആൻ വ്യാഖ്യാന കൃതികളും ഉണ്ടാവണം. ജീവിതപ്രശ്നങ്ങൾക്ക് പ്രവാചകൻ പല പരിഹാര നിർദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. അവ മാത്രം ഉൾപ്പെടുത്തിയ പ്രവാചകവചനങ്ങളുടെ സമാഹാരവും പുറത്തിറക്കണം.

ഇന്ത്യാ ചരിത്രം ഇസ്‌ലാമിക കാഴ്ചപ്പാടോടെ നിരൂപണം ചെയ്യാനും നാം തയാറാകണം. രാജാക്കന്മാരുടെ തിന്മകളെ തിന്മകളായി തന്നെ കാണണം. അവയെ വെള്ളപൂശേണ്ടതില്ല. ശക്തമായ ഒരു ബൗദ്ധികാടിത്തറ വികസിപ്പിച്ചെങ്കിലേ ഇത് സാധ്യമാവൂ. ഈ ആവശ്യാർഥം ഒരു ഇസ്‌ലാമിക അക്കാദമിക്ക് ദൽഹിയിൽ രൂപം നൽകിയിട്ടുണ്ട്.

കമ്യൂണിസം പറ്റേ ദുർബലമായിക്കഴിഞ്ഞു എന്നതാണ് നമ്മുടെ കാലത്തിന്റെ ഒരു പ്രത്യേകത. വിമോചന ശക്തിയാകാനുള്ള കഴിവ് ഇനി അതിനില്ല. ഈ ശൂന്യത നികത്താൻ വിവിധ ആശയക്കാരുമായി സഹകരിച്ച് നാം ദുർബലരുടെ മോചനത്തിനായി രംഗത്തിറങ്ങണം. ഈ പശ്ചാത്തലത്തിലാണ് ജമാഅത്തെ ഇസ്‌ലാമി മനുഷ്യാവകാശ കാമ്പയിൻ സംഘടിപ്പിച്ചത്.

മൂന്ന് നാലു വർഷമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കാൻ ജമാഅത്ത് അതിന്റെ പ്രവർത്തകർക്ക് അനുവാദം നൽകുന്നുണ്ട്. ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനുള്ള അവസരം ഇതുവഴി കൈവന്നിരിക്കുകയാണ്. കേരളം, ആന്ധ്ര, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലാണ് കൂടുതൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താനുള്ള സാധ്യതയുള്ളത്.

ആസന്നമായ മഹാരാഷ്ട്ര നഗരസഭാ തെരഞ്ഞെടുപ്പിൽ ദലിതുകൾ, ഇടതുകക്ഷികൾ എന്നിവരുമായി സഖ്യമുണ്ടാക്കി മതന്യൂനപക്ഷങ്ങൾ ഒരു മൂന്നാം മുന്നണിക്ക് രൂപം നൽകിയിട്ടുണ്ട്. കോൺഗ്രസ്-എൻ.സി.പി സഖ്യം മുസ്‌ലിം സമൂഹത്തെ ചതിക്കുകയായിരുന്നു. മുസ്‌ലിം സമൂഹം നിസ്സഹായരാണെന്നും തങ്ങൾക്ക് വോട്ട് ചെയ്യുകയല്ലാതെ അവർക്ക് വേറെ വഴിയില്ലെന്നും ഈ സഖ്യം തെറ്റിദ്ധരിച്ച പോലെയുണ്ട്. തങ്ങൾക്ക് പോകാൻ വേറെയും വഴികളുണ്ട് എന്ന് കാണിച്ചുകൊടുക്കാൻ ന്യൂനപക്ഷങ്ങൾക്ക് ലഭിച്ച അവസരമായി ഇതിനെ കാണണം. യു.പി തെരഞ്ഞെടുപ്പിലും ഇത്തരമൊരു മുന്നണി രൂപപ്പെടുത്താനുള്ള ശ്രമം നടക്കുന്നുണ്ട്. ധീരമായ നിലപാടാണ് കഴിഞ്ഞ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ കേരള ജമാഅത്ത് ഘടകം സ്വീകരിച്ചതെന്നും അമീർ പറഞ്ഞു.

വിവിധ പ്രശ്നങ്ങളെക്കുറിച്ച് പ്രവർത്തകർ ഉന്നയിച്ച ചോദ്യങ്ങൾക്ക് അമീർ മറുപടി നൽകി. അമീറിന്റെ പ്രസംഗം കെ.എ യൂസുഫ് ഉമരിയും ചോദ്യോത്തരം ഒ. അബ്ദുർറഹ്മാനും പരിഭാഷപ്പെടുത്തി. ■